(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം പരിഗണയിലുണ്ടോ ;

(സി) പഞ്ചായത്തുകളിൽ ഇപ്പോഴത്തെ തൊഴിൽ കരം കണക്കാക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ ?

പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം) :

(എ) ഉണ്ട്.
(ബി) ഉണ്ട്.

(സി) സ്ഥാപനങ്ങളെയും വ്യക്തികളെയും അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ 8 ആക്കി തരം തിരിച്ചു. ഓരോ വിഭാഗത്തിലും കേരള പഞ്ചായത്ത് (പ്രൊവിഷൻ ടാക്സ്) ചട്ടങ്ങളിലെ ചട്ടം 3-ൽ പറയുന്ന അർദ്ധവാർഷിക കരത്തിൽ കവിയാതെയുള്ള തുക തൊഴിൽ കരമായി പഞ്ചായത്ത് ഈടാക്കുകയാണ് ചെയ്യുന്നത്.

പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരും നടത്തുന്ന ട്രാൻസ്പോർട്ട് സർവീസുകൾ

* 395. [423] ശ്രീ. ജോസ് കുറിയാനി :
,, കെ. സി. ജോസഫ് :
,, സ്റ്റീഫൻ പാടുവ :
,, കെ. എസ്. നാരായണൻ നമ്പൂതിരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർ നടത്തുന്ന ട്രാൻസ്പോർട്ട് സർവീസുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഈ സർവീസുകളെപ്പറ്റി ഒരു വിലയിരുത്തൽ നടത്തുകയുണ്ടായോ ;

(സി) എല്ലാ ജില്ലകളിലും ഇവ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിലും പട്ടികജാതി-പട്ടികവർഗ്ഗ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇല്ല.

(സി) എല്ലാ ജില്ലകളിലും പട്ടികജാതി-പട്ടികവർഗ്ഗ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങൾ ബസ് സർവീസ് നടത്തുന്നുണ്ടെന്നതിനാൽ ചോദ്യം ഉദിക്കുന്നില്ല.

ഗൾഫ് പണം

* 396. [424] ശ്രീ. കെ. പി. രാമൻ :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, നാലകത്ത് സൂപ്പി :
,, പി. കെ. കെ. ബാവ :
,, സി. ടി. അഹമ്മദലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്തുന്ന ഗൾഫ് പണത്തെപ്പറ്റി സംസ്ഥാന സർക്കാരിന് എന്തെങ്കിലും കണക്കുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly